# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4594 — 20/10/2011-ൽ മറുപടിയ്ക്ക്

### അക്വാകൾച്ചർ ബിരുദം മത്സ്യവകുപ്പിലെ സാങ്കേതിക ജോലിക്കുള്ള അടിസ്ഥാന യോഗ്യതയാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്. സുനിൽകുമാർ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കോഴിക്കോട് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ബി.എസ്.സി അക്വാകൾച്ചർ ബിരുദം സംസ്ഥാന മത്സ്യ വകുപ്പിലെ സാങ്കേതിക ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യതയായി മത്സ്യവകുപ്പ് ഇതുവരെ അംഗീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) അക്കാദമിക് സിലബസിൽ മത്സ്യത്തെ കുറിച്ച് ഒന്നുമില്ലാത്ത ബി.എസ്.സി കെമിസ്ട്രിയും, ബി.എസ്.സി ഫിസിക്സും, മത്സ്യത്തെക്കുറിച്ച് വളരെ കുറച്ച് മാത്രം സിലബസിലുള്ള ബി.എസ്.സി സുവോളജിയും, ബി.എസ്.സി ബോട്ടണിയും മത്സ്യ വകുപ്പിലെ സാങ്കേതിക ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യതയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ബി.എസ്.സി കെമിസ്ട്രി, ഫിസിക്സ്, ബോട്ടണി, സുവോളജി എന്നീ യോഗ്യതയുള്ളവർക്ക് തസ്തികമാറ്റം വഴി എക്സിക്യൂട്ടീവ് തസ്തികയിലേയ്ക്ക് നിയമനം നൽകാവുന്നതാണ്. ഇവർക്ക് ആവശ്യമായ സ്റ്റാഫ് ട്രെയിനിംഗ് നൽകുന്നുണ്ട്. |

(സി) ബി.എസ്.സി അക്വാകൾച്ചർ ബിരുദധാരികളെ മത്സ്യ വകുപ്പിലെ സാങ്കേതിക ജോലിക്ക് പരിഗണിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നിലവിലുള്ള കേരള ഫിഷറീസ് സബോർഡിനേറ്റ് സർവ്വീസ് റൂളിൽ ബി.എസ്.സി അക്വാകൾച്ചർ ബിരുദം നിയമനയോഗ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) മത്സ്യത്തെകുറിച്ച് മുഖ്യമായി പഠനം നടത്തുന്ന ബി.എസ്.സി അക്വാകൾച്ചർ ബിരുദത്തെ കൂടി മത്സ്യ വകുപ്പിലെ സാങ്കേതിക ജോലിക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യതയായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന, കേരള ഫിഷറീസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി നടപ്പിൽ വരുത്തുമ്പോൾ എം.ജി യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള ബി.എസ്.സി അക്വാകൾച്ചർ, ഇൻഡസ്ട്രിയൽ ഫിഷ് ആന്റ് ഫിഷറീസ് കോഴ്സുകളെ കൂടി അസിസ്റ്റന്റ് ഫിഷറീസ് ഓഫീസറുടെ തസ്തികയിലേയ്ക്കുള്ള യോഗ്യതയായി കണക്കാക്കുന്നതിന് ജി.ഒ.(എം.എസ്) 66/2008/മതുവ തീയതി 14/10/08 (അനുബന്ധമായി ചേർത്തിരിക്കുന്നു) പ്രകാരം ഉത്തരവായിട്ടുണ്ട്

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.